

**ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ നടക്കുന്ന വിശ്വകലാ സംഗമത്തിൽ കൊറിയക്കാരനായ ഗുബോൺജു മലേഷ്യൻ തമ്പകത്തിൽ ഒരുക്കുന്ന ശില്പം**

# സുദർശൻ ഷെട്ടിയുമെത്തി; ചങ്ങമ്പുഴ പാർക്കിൽ തിരക്കേറുന്നു

**കൊച്ചി:** ചലിക്കുന്ന മേശയ്ക്ക് മുകളിലെ ചായം നിറച്ച ചില്ലുഗ്ലാസ് താഴെ വീഴുമോ എന്ന് കാഴ്ചക്കാർക്ക് തോന്നാം. എന്നാൽ പ്രശസ്ത ശില്പിയായ സുദർശൻഷെട്ടിയുടെ 'വുഡൻ ടേബിൾ ആൻഡ് ചെയർ' എന്ന ശില്പത്തിൽ ഗ്ലാസ്സുകൾ നൃത്തംവെയ്ക്കുന്നു. അനുഭവങ്ങളെ ആശയങ്ങളാക്കി മാറ്റി നവ്യമായ ദൃശ്യവിസ്മയമൊരുക്കാൻ സുദർശൻ മുംബൈയിൽ നിന്നും ചങ്ങമ്പുഴ പാർക്കിലെത്തിയത് ഞായറാഴ്ചയാണ്. വിശ്വകലാ സംഗമത്തിലെ ഉത്സവത്തിമിർപ്പിന്റെ താളമേറ്റുവാങ്ങാനെത്തിയ ഷെട്ടിക്കൊപ്പം ശില്പചാതുര്യത്തിന്റെ മാറ്ററിഞ്ഞ 'ഷാനും' ഉണ്ടായിരുന്നു. കരവിരുതിന്റെ നിറവിനെ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുമായി ഇഴചേർക്കുമ്പോൾ പ്രകൃതിയുടെ ചലനത്തിന്റെ വശ്യതയും ഷെട്ടി പകർന്നു നൽകുകയാണ്. കൊറിയയിൽ നിന്നെത്തിയ ഗു ബോൺ ജൂ മലേഷ്യൻ തമ്പകത്തിൽ വിസ്മയം അഴിച്ചുവിടുമ്പോൾ കൊറിയക്കാരനായ സുങ്ക് ഡോങ്ക്-ഹൂണും സഹായിയായുണ്ട്. ജീവിതത്തിലെ ദുഃഖങ്ങൾ പകർത്താനാണ് ഗു ബോൺ ജു എത്തിയതെങ്കിൽ ഇരുമ്പ്, കല്ല് എന്നിവയിൽ ജീവിതത്തിലെ തമാശകളെ പകർത്താനാണ് സൂങ്ക് ശ്രമിക്കുന്നത്.

ബംഗാളിലെ ശാന്തി നികേതനത്തിൽ നിന്നുള്ള ചിന്മയീ ദത്തും, രജിതാ ചക്രവർത്തിയും പ്രകൃതിദത്തമായ ശില്പങ്ങളാണ് ഒരുക്കുന്നത്. ബ്രിട്ടണിലെ ലീഡ്സിൽ മുകളിലേക്ക് കൈകൾ നീട്ടി മേഘത്തെ എത്തിപ്പിടിക്കാനുള്ള ജീവിതത്തിലെ വ്യഗ്രതയാണ് മലയാളിയായ രാജശേഖരൻ നായർ കല്ലിൽ കൊത്തിയിട്ടുള്ളത്. ബറോഡയിൽ ഒരുമിച്ച് പഠിച്ച അലക്സിനേയും വി.കെ. രാജനേയും വീണ്ടും കണ്ടുമുട്ടാനായ സന്തോഷമാണ് രാജശേഖരന്. ഏഴ് ദിവസങ്ങൾ പിന്നിട്ട വിശ്വകലാ സംഗമത്തിൽ ശില്പങ്ങളും ശില്പികളുടെ സൃഷ്ടിയിലെ നൊമ്പരങ്ങൾ കാണാനും എത്തുന്നവർ നിരവധി. വിദേശ സന്ദർശകരും എത്തുന്നുണ്ട്.